(ബി) ഉണ്ടെങ്കിൽ ആരുടെയൊക്കെ പരാതിയിലാണ് അന്വേഷണം നടക്കുന്നത്; വിശദമാക്കാമോ;

(സി) പരാതിയുണ്ടെങ്കിൽ സംസ്ഥാന വിജിലൻസ് സ്വീകരിച്ച നടപടിക്രമം വിശദമാക്കാമോ;

(ഡി) അന്വേഷണം നടക്കുന്നുണ്ടെങ്കിൽ അന്വേഷണ ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി ശ്രീമതി സരിത എസ്. നായരുടെ പരാതി ലഭിച്ചതിൽ വിജിലൻസിന്റെ അന്വേഷണ പരിധിയിൽ വരുന്ന ആരോപണങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ടി പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവേസ്റ്റിഗേഷൻ യൂണിറ്റ് 1 പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ശ്രീമതി സരിത എസ്. നായരുടെ പരാതിയിൽ പരിശോധന നടത്തിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1 ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എസ്. സുരേഷ് കുമാർ ആണ്.

### പട്ടാമ്പി - പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്

160(194) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ സംസ്ഥാന പാതയായ പട്ടാമ്പി-പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസെടുത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ; റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ രാഷ്ട്രീയ പാർട്ടികളിൽ നിന്നോ പരാതി ലഭിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ തീയതി സഹിതം വ്യക്തമാക്കാമോ;

(ബി) ഈ കേസന്വേഷണത്തിൽ വിജിലൻസ് ആരൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത കേസ് ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) പട്ടാമ്പി മണ്ഡലത്തിലെ സംസ്ഥാന പാതയായ പട്ടാമ്പി പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. സെയ്തലവി, മെനങ്ങൾ ഹൗസ്, ചെമ്മലശ്ശേരി പി.ഒ., പുലാമന്തോൾ, മലപ്പുറം എന്നയാളുടെ 9-6-2014-ലെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, മലപ്പുറം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ (എസ്.സി 68/14/ എം.പി.എം) കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിലാണ് വി.സി. 25/15/ പി.കെ.ഡി. നമ്പരായി കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കൂടാതെ ശ്രീ. മുഹമ്മദ് മുഹസിൻ. പി. എം.എൽ.എ. പട്ടാമ്പി റോഡിന്റെ പുനർനിർമ്മാണത്തിന് തടസ്സമുണ്ടാകാതെ വിജിലൻസ് അന്വേഷണം നടത്തണമെന്ന് 1-9-2017 തീയതിയിലെ കത്ത് മുഖാന്തരം അറിയിച്ചിരുന്നു.

(ബി) ടി കേസുമായി ബന്ധപ്പെട്ട കുറ്റാരോപിതരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീ. പി. ഉണ്ണികൃഷ്ണൻ (റിട്ട. 30-11-2015) അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സബ് ഡിവിഷൻ, ഷൊർണ്ണൂർ.
2. ശ്രീ. ഇ. എം. വാസുദേവൻ, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ.
3. ശ്രീ. എം. വിജയകുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെൻട്രൽ സർക്കിൾ, തൃശ്ശൂർ.
4. ശ്രീ. ടി. എം. രാഘവൻ, മുൻ തേർഡ് ഗ്രേഡ് ഓവർസീയർ, പി.ഡബ്ല്യു.ഡി. റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ.
5. ശ്രീ. അബ്ദുൾ റഹിമാൻ, S/o മുഹമ്മദ്, കുദ്രോളി മൻസിൽ, ചേർക്കല പി.ഒ. തെക്കാല, കാസർഗോഡ്

മേൽ സൂചിപ്പിച്ചിരിക്കുന്നവർക്കെതിരെ വിചാരണ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

**അഗ്രിഫെസ്റ്റ് വിജിലൻസ് അന്വേഷണം**

161(196) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം